GOVT. BRENNEN COLLEGE LIBRARY THALASSERY

**K18P 0189**

Reg. No.: ................................

Name : ....................................

**Second Semester M.A. Degree (Regular/Supplementary/Improvement) Examination, March 2018**
**MALAYALAM LANGUAGE AND LITERATURE**
**MAL 2C 07 : Novel Literature**
**(2014 Admn. Onwards)**

Time : 3 Hours Max. Marks : 80

I. **രണ്ട്** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) ''സേതുന് എന്നും ഒരാളോടേ ഇഷ്ടംണ്ടായിരുന്നുള്ളൂ സേതുനോടുമാത്രം'' – സുമിത്ര ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത് ? വിശദീകരിക്കുക.

2) ''ചിലർ ജീവിച്ചിരിക്കുമ്പോൾ തന്നെ വിസ്മൃതിയിലേയ്ക്ക് തള്ളപ്പെടുന്നു. ചിലർ മരണ ശേഷവും'' കെ. ടി. എൻ. കോട്ടൂരിന്റെ ഈ വാചകങ്ങൾ ആത്മകഥാപരമാണ് – സമർത്ഥിക്കുക.

3) ''കരിമ്പുപോലുള്ളൊരു ചെറുപ്പക്കാരനാണ് കുമ്പേ. പക്ഷേ, കരളിൽ മതത്തിന്റെ കോട്ട കെട്ടിയുറപ്പിച്ച് വരികയാണ്. കടക്കാൻ വഴി കാണുന്നില്ല.'' സന്ദർഭവും സാഹചര്യവും വ്യക്തമാക്കുക.

4) അനാവശ്യ വ്യവഹാരങ്ങൾ കൊണ്ടുള്ള കുടുംബ ശിഥിലീകരണമാണ് ശാരദയിലെ പ്രമേയം. വിശദീകരിക്കുക.

5) മറവി എന്ന രാഷ്ട്രീയനുഭവത്തിന്റെ ഒരു രൂപകമാണ് പ്രകൃതി നിയമത്തിലെ 'കമ്മ്യൂൺ'. വിശദീകരിക്കുക. **(5×4=20)**

II. **നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

6) a) "ഇതിഹാസം എന്ന തലക്കെട്ട് വിജയൻ പണ്ടേ, പ്രയോഗിച്ചിട്ടില്ലെങ്കിൽ 'തക്ഷൻ കുന്ന് ഇതിഹാസം' എന്ന് ഇതിനെ വിളിക്കാമായിരുന്നു''. തക്ഷൻകുന്ന് സ്വരൂപത്തെക്കുറിച്ചുള്ള എം. ജി. എസിന്റെ ഈ അഭിപ്രായം പരിശോധിക്കുക.

**അല്ലെങ്കിൽ**

b) പ്രമേയത്തിന്റെ ശക്തി നഷ്ടപ്പെടാതിരിക്കാൻ 'തോട്ടിയുടെ മകൻ' എന്ന നോവലിൽ കാല്പനികഘടകങ്ങളെ തകഴി ബോധപൂർവം ഒഴിവാക്കിയിരിക്കുന്നു. ശരിയോ ? പരിശോധിക്കുക.

7) a) മനുഷ്യജീവിതത്തിന്റെ മഹാസമസ്യകൾക്ക് ഉത്തരം തേടുന്ന ദാർശനിക തലത്തിലുള്ള അപൂർവ്വമായൊരു നോവലാണ് പി. സുരേന്ദ്രന്റെ ശൂന്യമനുഷ്യൻ – നിരൂപിക്കുക.

**അല്ലെങ്കിൽ**

b) ഓർമ്മകളെയും സ്വപ്നങ്ങളെയും പ്രതിരോധത്തിന്റെ ഉപകരണങ്ങളാക്കി മാറ്റുകയാണ് പ്രകൃതി നിയമത്തിൽ സി. ആർ. പരമേശ്വരൻ ചെയ്യുന്നത്. വിശദീകരിക്കുക.

8) a) മാജിക്കൽ ഹിസ്റ്ററി എന്നു വിശേഷിപ്പിക്കാവുന്ന നോവലാണ് കെ. ടി. എൻ. – കോട്ടൂർ എഴുത്തും ജീവിതവും – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) കോട്ടൂർ ഗ്രാമത്തിന്റെ ചരിത്രം കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും എന്ന നോവലിൽ എത്രത്തോളം പ്രതിഫലിച്ചിരിക്കുന്നു ?

9) a) ജീവിതം കഷ്ടപ്പാടാണെന്നതും, ഭൂമിക്കു കീഴിൽ കാണുന്നതെല്ലാം മായയാണെന്നതുമാണ് 'അരനാഴികനേരം' എന്ന നോവൽ മുന്നോട്ടു വയ്ക്കുന്ന ദർശനം -- വിശദമാക്കുക.

**അല്ലെങ്കിൽ**

b) വിഷകന്യകയായ ഭൂമിയുടെ ചിത്രത്തിനു ഭാവാത്മകമായ പൂർണ്ണത ലഭിക്കുന്നത് മാധവിയിലൂടെയാണ്. പ്രലോഭനീയമായ കന്നിമണ്ണിന്റെ തന്നെ ബിംബമാണ് മാധവി. നിരൂപിക്കുക.

10) a) ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ച സൃഷ്ടിച്ച ദാരിദ്ര്യഗാഥ പാടാനേ എം. ടിക്കറിയൂ. എന്ന വിമർശനത്തിനുള്ള ഉചിതമായ മറുപടിയാണ് 'കാലം' എന്ന നോവൽ ശരിയോ ? പരിശോധിക്കുക.

**അല്ലെങ്കിൽ**

b) അതിർത്തികളിലെ യുദ്ധങ്ങളെക്കാൾ തീവ്രവും ഭീകരവുമായ മാനസിക സംഘർഷങ്ങളാണ് നന്തനാരുടെ കഥാപാത്രങ്ങളെ വ്യത്യസ്തരാക്കുന്നത്. ചർച്ച ചെയ്യുക. **(5×6=30)**



III. **ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11) a) കേരളീയ ക്രൈസ്തവ സമൂഹത്തിനു സംഭവിച്ചിരിക്കുന്ന ധർമ്മച്യുതിയുടെ ദുരന്ത കഥയാണ് അരനാഴിക നേരത്തിൽ ആഖ്യാനം ചെയ്തിരിക്കുന്നത്. വിശദീകരിക്കുക.

**അല്ലെങ്കിൽ**

b) മലയാളത്തിലെ നവോത്ഥാനകാല നോവലുകളുടെ സവിശേഷതകൾ വിലയിരുത്തുക.

12) a) മുഖ്യമായും ഭാഷ, പ്രമേയം, ഘടന എന്നീ തലങ്ങളിലാണ് ജനപ്രിയ നോവൽ അതിന്റെ മൗലികമായ ആഖ്യാന സ്വഭാവം പ്രകടിപ്പിക്കുന്നത്. പാടാത്ത പൈങ്കിളിയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

b) സാറാ ജോസഫിന്റെ ആളോഹരി ആനന്ദം എന്ന നോവൽ ഉത്തരാധുനിക സ്വഭാവം പ്രകടമാക്കുന്നു. ശരിയോ ? പരിശോധിക്കുക.

13) a) മലയാളത്തിൽ പാശ്ചാത്യ ആധുനികതയുടെ സ്വാധീനം ഏറ്റവും പ്രകടമായി കാണുന്നത് നോവലിലാണ്. പരിശോധിക്കുക.

**അല്ലെങ്കിൽ**

b) ശാരദ യഥാതഥ്യത്തിന്റെ (Reality) കാര്യത്തിൽ ഇന്ദുലേഖയെക്കാൾ മുന്നിട്ടു നിൽക്കുന്നു എന്ന അഭിപ്രായം വിമർശന ദൃഷ്ട്യാപരിശോധിക്കുക. **(3×10=30)**

---